# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 982 20.03.2013-ൽ മറുപടിയ്ക്ക്

## ഉൾനാടൻ ജലാശയങ്ങളിൽ സീ പ്ലെയിൻ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഉൾനാടൻ ജലാശയങ്ങളിൽ സീപ്ലെയിൻ ആരംഭിക്കുന്നതിന് തീരുമാനിച്ചി ട്ടുണ്ടോ; ഏതെല്ലാം കേന്ദ്രങ്ങളാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. പ്രാഥമിക ഘട്ടത്തിൽ മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ എന്നീ കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടത്തിൽ 12 കേന്ദ്രങ്ങൾ കൂടി പരിഗണനയിൽ ഉണ്ട്. |
| (ബി) സീപ്ലെയിൻ ആരംഭിക്കുന്നതിന് പരി സ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിച്ചി ട്ടുണ്ടോ; | (ബി) സ്ഥിരമോ താത്കാലികമോ ആയ ഒരു നിർമ്മാണ പ്രവർത്തനവുമില്ലാത്ത തിനാൽ പരിസ്ഥിതി വകുപ്പിന്റെ പരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെയുള്ള പ്രത്യേക അനുമതി കൾ ആവശ്യമില്ല എന്ന് പരിസ്ഥിതി വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സംരംഭത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ തീരുമാനി ച്ചിട്ടുള്ളത് | (സി) സീപ്ലെയിനുകളിൽ ഉപയോഗിക്കുന്ന ഇന്ധനമായ ATF (ഏവിയേഷൻ ടർബൈൻ ഫ്യൂവൽ) നെ പൂർണ്ണമായും വിൽപന നികുതിയിൽ നിന്നും അഞ്ച് വർഷത്തേക്ക് ഒഴിവാക്കി യിട്ടുണ്ട്. കൂടാതെ, 31.01.2013- ന് മുമ്പായി പ്രവർത്തനം ആരംഭി ക്കുന്ന ഏജൻസികൾക്ക് സീപ്ലെയിൻ |

പ്രവർത്തനങ്ങൾക്കായി സർക്കാർ നിർമ്മിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരു വർഷത്തേക്ക് സൗജന്യമായി ഉപയോഗിക്കുവാനുള്ള ആനുകൂല്യവും പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഇതിന് മുന്നോടിയായി മത്സ്യതൊഴിലാളികളുടെ മേഖലയിലുണ്ടായിട്ടുള്ള ആശങ്കകൾ ദുരീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് മത്സ്യ തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ഡി) പവൻഹാൻസ് ഹെലികോപ്റ്റേഴ്സിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് ജലാശയങ്ങളിലെ മത്സ്യബന്ധനവും വലകളും ഇല്ലാത്ത ഒരു ചെറിയ പ്രദേശം മാത്രമാണ് പദ്ധതിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുടെ നിർവ്വഹണത്തിനായി ചീഫ് സെക്രട്ടറി അധ്യക്ഷനും ടൂറിസം സെക്രട്ടറി കൺവീനറും ആയി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാന പ്രകാരം പദ്ധതി സംബന്ധിച്ച് ഫിഷറീസ് വകുപ്പ് ഉൾപ്പെടെയുള്ള 11 ൽ പരം സർക്കാർ വകുപ്പുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളെ ബാധിക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ അതാതു മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ആശങ്കകൾ അകറ്റിക്കൊണ്ടായിരിക്കും പദ്ധതി നിർവ്വഹണം നടത്തുന്നത്.

(ഇ) സീപ്ലെയിൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്വകാര്യ ഏജൻസികളും സ്ഥാപനങ്ങളുമാണ് താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ടു

(ഇ) സീപ്ലെയിൻ സർവ്വീസുകൾ നടത്തുവാൻ താത്പര്യമുള്ള ഏജൻസികളെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ

വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ആർക്കെങ്കിലും ഇതിനോടകം അനുമതി നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്താമോ?

ഇതുവരെ പവൻ ഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ്, വിങ്സ് എവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡ്, ടർബോ ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, ഭാരത് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, മാരിടൈം എനർജി ഹെലി എയർ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ ആറ് ഏജൻസികൾ ഓപ്പറേഷനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ 'ഓപ്പൺ സ്കൈ' പോളിസിയാണ് ഈ പദ്ധതിക്കായി സ്വീകരിച്ചിരിക്കുന്നത്. അതിനാൽ കേന്ദ്ര സർക്കാറിന്റെ നിയമ പ്രകാരമുള്ള യോഗ്യതകളും അനുമതികളും ലഭ്യമായിട്ടുള്ള എല്ലാ ഏജൻസികൾക്കും പ്രവർത്തനം നടത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ